Bisma B kum

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**812**

## രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2015

## അടിസ്ഥാനപാഠാവലി

**ക്ലാസ്സ് : 8**
**സമയം : 1 1/2 മണിക്കൂർ** **ആകെ സ്കോർ : 40**

---

**പൊതു നിർദ്ദേശങ്ങൾ**

* ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
* ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.
* സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.
* നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.

---

1. ജാതകം നോക്കീട്ടവർ പറഞ്ഞീടുന്ന
കൈതവം കേട്ടാൽ കൊടുക്കും പല വസ്തു
അടിവരയിട്ട പദത്തിന് സമാന അർത്ഥം വരുന്ന പദം (1)
(ദ്രവ്യം, സത്യം, കള്ളം, ഘൃതം)

2. "നമ്മൾ മീനുകൾക്ക് നാലുചുറ്റിലും കണ്ണു വേണം" എന്നതിലൂടെ ലഭിക്കുന്ന ആശയമെന്ത് ? (1)
(ദിക്കുകളെക്കുറിച്ചുള്ള അറിവ്, അതീവ ശ്രദ്ധ, ഉത്കണ്ഠ, ആത്മാർത്ഥത)

3. കുഞ്ഞുപുല്ലിന് വേനലിനെ അതിജീവിക്കാൻ കഴിയില്ല എന്നു സംശയിക്കുന്നതെന്തുകൊണ്ട്? (1)

4. "കയ്യാടിയാലേ വായാടൂ" .
അദ്ധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കുന്ന മറ്റൊരു പഴഞ്ചൊല്ല് എഴുതുക. (1)

5. കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല.
സമാന താളമുള്ള വരികൾ എടുത്തെഴുതുക. (2)
(a) മാളിക മുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ
(b) കണ്ണു വേണമിരുപുറമെപ്പോഴും
കണ്ണു വേണം മുകളിലും താഴേയും
(c) നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദു:ഖിക്കുന്നു മാനുഷർ

6. പിരിച്ചെഴുതി വർണ്ണമാറ്റം കണ്ടെത്തുക. (2)
തിരുവോണം - തിരു+ ഓണം. വകാരം ആഗമിച്ചു.
മഴത്തുള്ളി - മഴ + തുള്ളി - ത് ഇരട്ടിച്ചു.

(4)

7. പട്ടിക ശരിയായ വിധത്തിൽ ക്രമപ്പെടുത്തി എഴുതുക.

| കർത്താവ് | കൃതി | പ്രസ്ഥാനം |
|---|---|---|
| അംബികാസുതൻ മാങ്ങാട് | തേൻകനി | തുള്ളൽ |
| കുഞ്ചൻ നമ്പ്യാർ | അതിജീവനം | കഥ |
| വയലാവാസുദേവൻപിള്ള | രണ്ടു മത്സ്യങ്ങൾ | കവിത |
| വീരാൻ കുട്ടി | ധ്രുവചരിതം | നാടകം |

8. പ്രകൃതിക്കുമേൽ മനുഷ്യർ നടത്തുന്ന കടന്നു കയറ്റങ്ങൾ പ്രകൃതിക്കും ജീവജാലങ്ങൾക്കും നാശം വിതയ്ക്കുന്നു. രണ്ടു മത്സ്യങ്ങൾ എന്ന പാഠഭാഗത്തെ ആസ്പദമാക്കി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. (4)

9. വിദ്യകൾ മറ്റുള്ളതെല്ലാം വൃഥാതന്നെ
വൈദ്യം പഠിക്കണം ദ്രവ്യമുണ്ടാക്കുവാൻ
കാരസ്കര ഘൃതം ഗുൽഗുലു തിക്തകം
ചേരുന്ന നെയ്കളുമെണ്ണ പൊടികളും
സാരമായുള്ള ഗുളികയും കൊണ്ടു ചെ-
ന്നോരോ വിധം പണം കൈക്കലാക്കീടുന്നു.

കുഞ്ചൻ നമ്പ്യാരുടെ ഈ വരികൾക്ക് ഈ കാലഘട്ടത്തിലുള്ള പ്രസക്തി വിലയിരുത്തുക. (4)

10. പ്രയോഗഭംഗിയും ആശയവും വിശദീകരിക്കുക. (4)
(a) മഴകൊട്ടിയിറങ്ങുക
(b) ജീവനെ കുളിരണിയിക്കുക.

11. "കുട്ടികൾക്ക് തേന്മാവ് കാണിച്ചു കൊടുക്കുകയേ ആവൂ. തേൻകനി പറിച്ചു കഴുകി ചെത്തിപ്പൂളി തിന്നാൻ പാകത്തിന് കൊടുക്കരുത്. അത് അവരെ അലസരാക്കും". വനഗായകന്റെ ഈ വരികൾ നല്കുന്ന ആശയം വ്യക്തമാക്കി വനഗായകനെക്കുറിച്ചുള്ള കഥാപാത്ര നിരൂപണം തയ്യാറാക്കുക. (4)

ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക

12. ക്ഷണ ഭംഗുരമായ ജീവനെ നിലനിർത്താൻ മനുഷ്യർ നടത്തുന്ന പരാക്രമങ്ങളെക്കുറിച്ചുള്ള നമ്പ്യാരുടെ വർണ്ണനകൾ സ്വന്തം വാക്യത്തിൽ വിവരിക്കുക. (6)